# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 192**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

2026 – 2029 വർഷത്തേക്കുള്ള സഭാ കൗൺസിൽ തെരഞ്ഞെടുപ്പ് ഫലത്തെ സംബന്ധിച്ച് സഭാ സെക്രട്ടറി മുൻപാകെ ചെങ്ങന്നൂർ – മാവേലിക്കര, നോർത്ത് അമേരിക്ക, ചെന്നൈ – ബാംഗ്ലൂർ, ഡൽഹി, യു.കെ – യൂറോപ്പ് – ആഫ്രിക്ക, എന്നീ ഭദ്രാസനങ്ങളിൽ നിന്നും സഭാ കൗൺസിൽ തെരഞ്ഞെടുപ്പ് സംബന്ധിച്ച് പരാതി ലഭിക്കുകയും, ആയതിൽ മെത്രാപ്പോലീത്താ മൂന്നംഗ കമ്മീഷനെ നിയമിക്കുകയും ചെയ്തു.

മെത്രാപ്പോലീത്താ നിയമിച്ച കമ്മീഷന്റെ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ ചെങ്ങന്നൂർ – മാവേലിക്കര, നോർത്ത് അമേരിക്ക, ഡൽഹി, യു.കെ – യൂറോപ്പ് – ആഫ്രിക്ക ഭദ്രാസനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരുടെ നിയമനത്തിന് സാധുത ഉണ്ടെന്ന് ഏവരെയും അറിയിക്കുന്നു. ചെന്നൈ – ബാംഗ്ലൂർ ഭദ്രാസനത്തിലെ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളിൽ അപാകത ഉള്ളതിനാൽ ആ ഭദ്രാസനത്തിലെ വോട്ടിംഗും ഫലപ്രഖ്യാപനവും റദ്ദ് ചെയ്യുന്നു. ചെന്നൈ – ബാംഗ്ലൂർ ഭദ്രാസനത്തിൽ സാധുവായ സ്ഥാനാർത്ഥികളുടെ അന്തിമലിസ്റ്റ് പ്രസിദ്ധീകരിച്ചത് മുതലുള്ള തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ സഭയിൽ നിന്നും നല്കിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമായി വീണ്ടും നടത്തി ഫലം സഭാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് ക്രിസ്താബ്ദം 2026 ആഗസ്റ്റ് 28– ാം തീയതി തിരുവല്ലാ പുലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**